**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**(ഹാജർ: മുഹമ്മദ് അൻസാരി)**

വിഷയം: കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് കൃഷി ഓഫീസർ / കൃഷി അസിസ്റ്റന്റ് തസ്തികയിലെ 2019 വർഷത്തെ പൊതുസ്ഥലംമാറ്റം - ഭേദഗതി വരുത്തിയ കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:
1. സ.ഉ.(പി) നം.3/2017/ഉ.പ.ഭ.വ, തീയതി: 27.02.2017.
2. സ.ഉ.(സാധാ) നം.230/2019/കൃഷി, തീയതി: 05.03.2019
3. സ.ഉ.(സാധാ) നം.355/2019/കൃഷി, തീയതി: 09.04.2019.
4. സ.ഉ.(സാധാ) നം.445/19/കൃഷി, തീയതി: 10.05.2019.
5. ഈ ഓഫീസിലെ 11.03.2019, 28.03.2019, 11.04.2019, 06.05.2019, 10.05.2019, 20.05.2019 എന്നീ തീയതികളിലുള്ള എസ്.എ.(2) 2099/19 നമ്പർ സർക്കുലർ.
6. ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ് തീയതി: 28.05.2019.
7. ഈ ഓഫീസിലെ സർക്കുലർ നമ്പർ എസ്.എ.(2) 2099/2019, തീയതി: 13.06.2019.

**ഉത്തരവ് നം.എസ്.ഇ.(3) 2808/2019, തീയതി: 21.06.2019.**

പരാമർശം (1) മുതൽ (4) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം 2019 വർഷത്തെ പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖേന നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ആയതിന്റ് അടിസ്ഥാനത്തിൽ ഈ ഓഫീസിലെ പരാമർശം (5) സർക്കുലറുകൾ പ്രകാരം 2019 -ലെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ സ്പാർക്ക് മുഖേന ഓൺലൈനായി ക്ഷണിക്കുകയും കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും പൊതുസ്ഥലംമാറ്റ അപേക്ഷകൾ നിശ്ചിത സമയപരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേർഡ് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 24.05.2019 വരെ ബന്ധപ്പെട്ട മേലധികാരിയുടെ ശുപാർശയോട്ടു കൂടി ഓൺലൈൻ മുഖേന ഈ ഓഫീസിൽ ലഭിച്ച അസിസ്റ്റന്റ് കൃഷി ഓഫീസർ / കൃഷി അസിസ്റ്റന്റ് തസ്തികയിലെ പൊതുസ്ഥലംമാറ്റ അപേക്ഷകൾ സ്പാർക്ക് മുഖേന പ്രോസസ് ചെയ്ത് ലഭിച്ച കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പരാമർശം (6) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ഇപ്രകാരം പ്രസിദ്ധീകരിച്ചിരുന്ന കരട് ലിസ്റ്റിൽ, ജീവനക്കാരുടെ സേവന വിവരങ്ങൾ സ്പാർക്കിൽ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ നിരവധി അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ അപാകതകൾ പരിഹരിക്കുന്നതിനായി ജീവനക്കാരുടെ സേവന വിവരങ്ങൾ സ്പാർക്കിൽ കൃത്യമായി രേഖപ്പെടുത്തുന്നതിനായി പരാമർശം (7) സർക്കുലർ പ്രകാരം 18.06.2019 വരെ അതാതു ഡി.ഡി.ഒ -മാർക്ക് സമയം അനുവദിച്ചിരുന്നു. കൂടാതെ സാങ്കേതിക കാരണങ്ങളാൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ടെങ്കിലും മേലധികാരികൾക്ക് ഫോർവേർഡ് ചെയ്യുന്നതിന് സാധിക്കാതിരുന്ന അപേക്ഷകൾ ഫോർവേർഡ് ചെയ്യുന്നതിനും അവസരം നൽകിയിരുന്നു. ഇപ്രകാരം അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട മേലധികാരിയുടെ ശുപാർശയോട്ടു കൂടി ഓൺലൈൻ മുഖേന ഈ ഓഫീസിൽ ലഭിച്ച അസിസ്റ്റന്റ് കൃഷി ഓഫീസർ / കൃഷി അസിസ്റ്റന്റ് തസ്തികയിലെ പൊതുസ്ഥലംമാറ്റ അപേക്ഷകൾ സ്പാർക്ക് മുഖേന പ്രോസസ് ചെയ്ത് ലഭിച്ച ഭേദഗതി വരുത്തിയ കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaagriculture.in -ൽ പ്രസിദ്ധീകരിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

മറ്റു വകുപ്പുകളിൽ സേവനമനുഷ്ഠിക്കുന്നതും സ്പാർക്ക് മുഖേന ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാൻ കഴിയാത്തവരുടെ അപേക്ഷകൾ പരിശോധിച്ച് അന്തിമ ലിസ്റ്റിൽ പരിഗണിക്കുന്നതാണ്.

ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ കരട് ലിസ്റ്റ് പരിശോധിച്ച് തങ്ങളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ നിലവിലത്തെ ഔദ്യോഗിക മേൽവിലാസത്തിൽ വ്യത്യാസമുള്ള പക്ഷം വിവരം ഈ ഓഫീസിൽ ഇ-മെയിൽ മുഖേന 25.06.2019 5 PM -നു മുമ്പായി അറിയിക്കേണ്ടതാണ്.

കരട് ലിസ്റ്റിന്മേലുള്ള അപേക്ഷകരുടെ പരാതികൾ 25.06.2019 5 PM വരെ ഓൺലൈനായി മാത്രം agrigeneraltransfer@gmail.com എന്ന ഇ-മെയിലിൽ സമർപ്പിക്കാവുന്നതാണ്. ടി തീയതിക്കു ശേഷം ലഭിക്കുന്ന പരാതികൾ / ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

പരാമർശം (6) പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന 2019 പൊതു സ്ഥലംമാറ്റത്തിന്റെ അസിസ്റ്റന്റ് കൃഷി ഓഫീസർ / കൃഷി അസിസ്റ്റന്റ് തസ്തികയിലെ കരട് ലിസ്റ്റ് റദ്ദു ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്
(പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന)
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

Superintendent
SE Section
Directorate of Agriculture
Thiruvananthapuram-33

**പകർപ്പ്:**

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐ.ടി സെൽ)
ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി

കൃഷി ഡെപ്യൂട്ടി ഡയറക്ടർ കം സീനിയർ കെമിസ്റ്റ്,
പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറി, പാറോട്ടുകോണം,
തിരുവനന്തപുരം.

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ,
ഫാം ഇൻഫർമേഷൻ ബ്യൂറോ,
തിരുവനന്തപുരം / കോഴിക്കോട്.

അസിസ്റ്റന്റ് ഡയറക്ടർ, ജഴ്സി ഫാം, വിതുര, തിരുവനന്തപുരം.

അസിസ്റ്റന്റ് ഡയറക്ടർ, ജഴ്സി ഫാം, വിതുര, ചെറ്റച്ചൽ, തിരുവനന്തപുരം.

അസിസ്റ്റന്റ് ഡയറക്ടർ, ഡി.എൽ.എസ്.എഫ്, കടപ്പനക്കുന്ന്, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / അധികം.